പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1903

25.03.2013-ൽ മറുപടിക്ക്.

# വെടിമരുന്ന് അപകടങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. രാജു | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കേരളത്തിൽ വെടിമരുന്ന് അപകടങ്ങൾ വർദ്ധിക്കുന്നതും കഴിഞ്ഞ വർഷം ഉദ്ദേശം 75 ആളുകൾ വിവിധ വെടിക്കെട്ട് അപകടങ്ങളിൽ മരണപ്പെട്ടിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (എ) ഉണ്ട് |
| (ബി) വെടിക്കെട്ടുമായി ബന്ധപ്പെട്ട സ്ഫോടക വസ്തുക്കളും അനുബന്ധ സാമഗ്രികളും നിർമ്മിക്കുന്നതിലും സൂക്ഷിക്കുന്നതിലും ഉപയോഗിക്കുന്നതിലും പാലിക്കേണ്ട ചട്ടങ്ങൾ ലംഘിക്കുന്നത് തടയുവാൻ എന്തൊക്കെ പരിശോധനാ സംവിധാനങ്ങളാണ് നിലവിലുള്ളത്; | : (ബി) സ്ഫോടകവസ്തുക്കൾ കൈകാര്യം ചെയ്യുന്ന ഇടങ്ങളിൽ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി, ജില്ലാ കളക്ടർമാർ എന്നിവർക്ക് സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്ഫോടകവസ്തുക്കൾ സൂക്ഷിക്കുന്ന ഇടങ്ങളിൽ പരിശോധന നടത്തുന്നതിനും അനുവദനീയമായ സ്ഫോടക വസ്തുക്കളുടെ അളവ് ഉറപ്പ് വരുത്തുന്നതിനും സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തുന്നതിനുമായി സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ജില്ലാ പോലീസ് മേധാവിമാർ നിയോഗിക്കുന്ന ഉദ്യോഗസ്ഥർ അവരവരുടെ അധികാര പരിധിയിൽ വരുന്ന ഇത്തരം സ്ഥലങ്ങളിൽ ആകസ്മികമായ |

(മറുപുറം)

പരിശോധന ഉൾപ്പെടെയുള്ളവ നടത്തുകയും ലൈസൻസ്, സ്ഫോടക വസ്തുക്കളുടെ അളവ്, ജോലിക്കാരുടെ എണ്ണം സുരക്ഷാ സംവിധാനം, ചുറ്റുപാടുകളുടെ നിരീക്ഷണം എന്നിവ വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകി അപകട സാദ്ധ്യത ഇല്ലായെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. കൂടാതെ നിലവിലുള്ള പരിശോധനകൾ കൂടുതൽ ശക്തമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) വർഷങ്ങൾക്ക് മുമ്പ് നിരോധിക്കപ്പെട്ട പൊട്ടാസ്യം ക്ലോറേറ്റിന്റെ വൻതോതിലുള്ള ഉപയോഗം തുടരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

: (സി) ഇല്ല.

(ഡി) പടക്കനിർമ്മാണശാലകൾ പരിശോധിക്കാനും ലൈസൻസ് നൽകാനും ചുമതലപ്പെട്ട-വർക്കുള്ള പരിജ്ഞാനക്കുറവ് ശ്രദ്ധയയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വേണ്ടത്ര പരിശോധനാ സംവിധാനവും അറിവും ഈ മേഖലയിൽ ലഭ്യമാക്കുമോ?

: (ഡി) ഇല്ല ; ഉദിക്കുന്നില്ല.

സെക്ഷൻ ഓഫീസർ